


അല്ലാഹുവിന്റെ അനുഗ്രഹങ്ങളോട് കൃതഘ്നരാവുകയും അവൻ ഏൽപിച്ച ഉത്തരവാദിത്തങ്ങളെ വഞ്ചിക്കുകയും ചെയ്യുന്ന ആരെയും അല്ലാഹു സ്നേഹിക്കുന്നില്ല. അത്തരക്കാരുടെ ദ്രോഹങ്ങളെ ഇനിയവൻ പ്രതിരോധിക്കുന്നത് നിങ്ങളിലൂടെ തന്നെയായിരിക്കും.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ - 22

# അൽഹജ്ജ്

۞ إِنَّ ٱللَّهَ يُدَٰفِعُ عَنِ ٱلَّذِينَ ءَامَنُوٓاْۗ إِنَّ ٱللَّهَ لَا يُحِبُّ كُلَّ خَوَّانٖ كَفُورٍ ٣٨

**38.** സത്യവിശ്വാസികൾക്കു വേണ്ടി അല്ലാഹു തീർച്ചയായും പ്രതിരോധിക്കുന്നതാകുന്നു. കൃതഘ്നരായ വഞ്ചകരെയൊന്നും അല്ലാഹു സ്നേഹിക്കുന്നില്ല തന്നെ.

إِنَّ ٱللَّهَ يُدَٰفِعُ = അല്ലാഹു തീർച്ചയായും പ്രതിരോധിക്കുന്നതാകുന്നു

عَنِ ٱلَّذِينَ ءَامَنُوٓاْ = സത്യവിശ്വാസികളായവർക്ക് വേണ്ടി

إِنَّ ٱللَّهَ لَا يُحِبُّ = അല്ലാഹു സ്നേഹിക്കുന്നില്ല തന്നെ

كُلَّ خَوَّانٖ كَفُورٍ = എല്ലാ കൃതഘ്നരായ വഞ്ചകരെയും(വഞ്ചകനെയൊന്നും)

സൂറയുടെ ഇവിടം മുതലുള്ള സൂക്തങ്ങൾ പ്രവാചകന്റെ മദീനാ ജീവിതത്തിൽ അവതരിച്ചതാണെന്ന് കരുതപ്പെടുന്നു. 40-ാം സൂക്തത്തിലെ 'അവർ സ്വഗേഹങ്ങളിൽ നിന്ന് അന്യായമായി പുറത്താക്കപ്പെട്ടവരാണല്ലോ' എന്ന പരാമർശം അത് വ്യക്തമാക്കുന്നുണ്ട്. ഹിജ്റ ഒന്നാം വർഷം ഹജ്ജ് കാലത്താണ് ഇതിന്റെ അവതരണം എന്നാണ് മനസ്സിലാകുന്നത്. ഹിജ്റക്ക് തൊട്ട് മുമ്പ് അവതരിച്ച മുൻ സൂക്തങ്ങൾക്ക് ഒരനുബന്ധമായി വരുന്നതുകൊണ്ടാവാം ഈ സൂക്തങ്ങളെ ഈ സ്ഥാനത്ത് വിന്യസിച്ചത്. മസ്ജിദുൽ ഹറാമിന്റെ വിശുദ്ധ ലക്ഷ്യം വിശദമാക്കിക്കൊണ്ട് അതിൽ എല്ലാ ദൈവദാസന്മാർക്കും പ്രവേശിക്കാനും ആരാധന നടത്താനും തുല്യാവകാശമുണ്ടെന്നും ആരുടെയും കുത്തകയല്ലെന്നും ഭക്തജനങ്ങളെ അതിൽ നിന്ന് തടയുന്നത് വലിയ അക്രമമാണെന്നും പ്രസ്താവിച്ചിരുന്നുവല്ലോ. മസ്ജിദുൽ ഹറാം കൈകാര്യം ചെയ്യാനും അവിടെ ആരാധനകളർപ്പിക്കാനും യഥാർഥ യോഗ്യതയും അർഹതയുമുള്ളവർ വിഗ്രഹാരാധകരായ ഖുറൈശികളല്ല, ഏക ദൈവ വിശ്വാസികളായ മുസ്‌ലിംകളാണ് എന്ന ആശയവും അതുൾക്കൊണ്ടിരുന്നു. പക്ഷേ, മക്കയിൽ മുസ്‌ലിംകൾ തികച്ചും നിസ്സഹായരായ മർദിതരായിരുന്നു. മസ്ജിദുൽ ഹറാം കൈകാര്യം ചെയ്യുന്നതിരിക്കട്ടെ, ആരാധനാർഥം അതിൽ പ്രവേശിക്കുന്നതിൽ നിന്നു പോലും ഖുറൈശികൾ അവരെ വിലക്കി. മർദനം സഹിക്കാനാവാതെ അവർ മക്കയിൽ നിന്ന് പലായനം ചെയ്യാൻ നിർബന്ധിതരായി. ആദ്യം ഒരു സംഘം അഭയാർഥികളായി അബ്സീനിയയിലേക്ക് പോയി. അവിടെയും ഖുറൈശികൾ അവരെ പിന്തുടർന്നു. അവിടത്തെ രാജാവ് നേഗസിൽ സ്വാധീനം ചെലുത്തി മുസ്‌ലിം അഭയാർഥികളെ അവിടെ നിന്ന് പുറത്താക്കാൻ ശ്രമിച്ചു. ആ ശ്രമം പക്ഷേ വിജയിച്ചില്ല. പിന്നീട്, പ്രവാചകനും മദീനാ വാസികളും തമ്മിലുണ്ടായ ഉടമ്പടിയുടെ പുറത്ത് മുസ്‌ലിംകൾ അങ്ങോട്ട് പലായനം ചെയ്യാൻ തുടങ്ങി. ഒടുവിൽ പ്രവാചകനും അങ്ങോട്ടു പോകേണ്ടിവന്നു. എന്നാൽ, മുസ്‌ലിംകളെ എവിടെയും കേന്ദ്രീകരിക്കാൻ അനുവദിച്ചുകൂടാ എന്നായി

രുന്നു ഖുറൈശികളുടെ നിലപാട്. അത് തങ്ങൾ മുളയിലേ നുള്ളിക്കളയാൻ പ്രതിജ്ഞയെടുത്ത മതം വിജയിക്കാനും വികസിക്കാനും ഇടയാക്കും. തങ്ങൾ നാടുകടത്തിയവർ തിരിച്ചുവന്ന് തങ്ങളെ നാടുകടത്തുന്ന പരിണതിയിലേക്ക് നയിച്ചേക്കുമെന്നും അവർ ഭയപ്പെട്ടു.

അതിനാൽ ഒരുവശത്ത് മുസ്‌ലിംകളെ കഠിനമായി പീഡിപ്പിക്കുമ്പോൾ തന്നെ മറുവശത്ത് അവർ മദീനയിലേക്ക് പലായനം ചെയ്യുന്നത് തടയാനും ഖുറൈശികൾ തീരുമാനിച്ചു. പോകാനൊരുങ്ങിയ ചിലരെ ബന്ധുക്കൾ തടവിലാക്കി. മറ്റു ചിലരെ മക്കയിലുള്ള അവരുടെ സമ്പത്തൊന്നും എടുക്കാനനുവദിക്കാതെ വെറും കൈയോടെ മാത്രം പോകാൻ അനുവദിച്ചു. വേറെ ചിലരുടെ ഭാര്യമാരെയും മക്കളെയും മക്കയിൽ പിടിച്ചുവെച്ചു. അബൂജഹ്‌ലിന്റെ സഹോദരൻ അയ്യാശിനെ അബൂജഹ്‌ലും മറ്റൊരു സഹോദരനും ചേർന്ന് പിടിച്ച് കെട്ടിയിടുകയായിരുന്നു. വളരെ കാലം അദ്ദേഹത്തിന് ബന്ധനത്തിൽ കിടന്ന് നരകിക്കേണ്ടിവന്നു. ഒടുവിൽ ഒരു വിശ്വാസി അദ്ദേഹത്തെ സ്വതന്ത്രനാക്കുന്നതിൽ വിജയിച്ചു. റോമക്കാരനായ സുഹൈബ് മക്കയിൽ വന്ന് അധ്വാനിച്ച് ധാരാളം പണം സമ്പാദിച്ചിരുന്നു. അദ്ദേഹം മദീനയിലേക്ക് പുറപ്പെട്ടപ്പോൾ ഖുറൈശി പ്രമാണിമാർ വന്ന്, മദീനയിലേക്ക് പോവുകയാണെങ്കിൽ നീ ഇവിടെ വന്ന് സമ്പാദിച്ചതെല്ലാം ഇവിടെ ഉപേക്ഷിച്ച്, വന്നപോലെ വെറുകൈയോടെ പോകണമെന്ന് ശഠിച്ചു. അങ്ങനെ ഉടുതുണിക്ക് മറുതുണിയില്ലാതെയാണ് അദ്ദേഹം മക്ക വിട്ടത്. അബൂ സലമ(റ) ഭാര്യയെയും കുഞ്ഞിനെയും കൂട്ടിയാണ് മദീനയിലേക്ക് പുറപ്പെട്ടത്. വഴിക്ക് വെച്ച് മുഗീറ ഗോത്രം അവരെ തടഞ്ഞു. ഭാര്യ ഉമ്മുസലമ തങ്ങളുടെ ഗോത്രക്കാരിയായതിനാൽ അവരെ തങ്ങൾക്ക് വിട്ടുതന്നേ പോകാവൂ എന്നവർ ശഠിച്ചു. ഗത്യന്തരമില്ലാതെ അബൂസലമ അതിനു വഴങ്ങേണ്ടിവന്നു. അനന്തരം അബ്ദുൽ അസദ് കുടുംബം അദ്ദേഹത്തെ തടഞ്ഞുകൊണ്ട് പറഞ്ഞു: "കുഞ്ഞ് ഞങ്ങളുടെ കുടുംബത്തിന്റേതാണ്. അവനെ ഞങ്ങൾക്ക് വിട്ടുതന്നേ പോകാൻ പറ്റൂ." നിസ്സഹായനായ അബൂ സലമക്ക് അതും അനുസരിക്കേണ്ടിവന്നു. ഇങ്ങനെ ഒട്ടേറെ സംഭവങ്ങൾ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

പ്രവാചകന്റെ ഹിജ്‌റക്ക് മുമ്പേ കൊടിയ മർദനങ്ങൾക്കിരയാകുന്ന വിശ്വാസികൾ അദ്ദേഹത്തോട് ആവലാതിപ്പെടാറുണ്ടായിരുന്നു. ക്ഷമിച്ചും സഹിച്ചും സമാധാനം പാലിക്കണമെന്നും അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാര്യങ്ങളെല്ലാം മാറി മറിഞ്ഞു നേരെയാകുമെന്നും ഉപദേശിക്കുകയാണ് അപ്പോഴൊക്കെ നബി(സ) ചെയ്തിരുന്നത്. അഭിമാനരോഷവും ശൗര്യവും കൂടുതലുള്ള ചിലരൊക്കെ മർദകരെ തിരിച്ചടിക്കാൻ അനുവാദം ചോദിച്ചപ്പോൾ നബി(സ) സമ്മതിച്ചില്ല. പ്രബോധനം ചെയ്യാനല്ലാതെ യുദ്ധം ചെയ്യാൻ താൻ കൽപിക്കപ്പെട്ടിട്ടില്ല എന്നായിരുന്നു നബിയുടെ മറുപടി. പ്രവാചകനു നേരെ തന്നെ അക്രമം നടത്തിയവരോടൊന്നും അദ്ദേഹം പ്രതികാരത്തിന് മുതിർന്നില്ല.

മക്ക വിട്ട് മദീനയിൽ അഭയം തേടിയ മുസ്‌ലിംകൾക്ക് അവിടെയും സ്വൈര ജീവിതമനുവദിക്കാൻ ഖുറൈശികൾ തയാറായിരുന്നില്ല. മുഹമ്മദി(സ)നെയും കൂട്ടരെയും ഉന്മൂലനം ചെയ്യാൻ മദീനക്കു നേരെ പടനയിക്കുകയല്ലാതെ മറ്റു മാർഗമൊന്നും അവരുടെ മുന്നിലുണ്ടായിരുന്നില്ല. ഉപജാപങ്ങൾ നേരത്തേ അബ്സീനിയയിൽ പരാജയപ്പെട്ടതാണ്. മദീനക്കാരാവട്ടെ ജീവൻ കൊടുത്തും മുഹമ്മദിനെയും സംഘത്തെയും സംരക്ഷിക്കുമെന്ന് ബലിഷ്ഠമായി കരാർ ചെയ്തിട്ടുമുണ്ട്. മുസ്‌ലിംകളെ നിശ്ശേഷം നശിപ്പിക്കാൻ പര്യാപ്തമായ ഒരു സായുധ മുന്നേറ്റം മദീനക്കു നേരെ നടത്താനുള്ള സന്നാഹങ്ങൾ സാവകാശം ഒരുക്കിക്കൊണ്ടിരിക്കുകയായിരുന്നു ഖുറൈശികൾ.

ഖുറൈശി പക്ഷത്തുനിന്ന് ഏതവസരത്തിലും ആക്രമണമുണ്ടാകാമെന്ന് മദീനാ മുസ്‌ലിംകൾ ആശങ്കിച്ചിരുന്നു. നേരത്തെ അനുഭവിച്ച പീഡാനുഭവങ്ങളുടെ തിക്ത സ്മരണകളും സമ്പത്തിൽ നിന്നും പുത്രകളത്രാദികളിൽ നിന്നും വേർപ്പെടുത്തപ്പെട്ടതും മക്കയിൽ നിന്നെത്തുന്ന പുതിയ മുഹാജിറുകൾ പറയുന്ന പീഡനകഥകളുമെല്ലാം അവരുടെ മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു. അതിനെല്ലാമുപരി ഹജ്ജ് കാലമായപ്പോൾ, തങ്ങൾക്ക് ഏറ്റം പ്രിയപ്പെട്ടതും പവിത്രവുമായ മസ്ജിദുൽ ഹറാം അന്യമാക്കപ്പെട്ടതും അവരെ വല്ലാതെ ദുഃഖിപ്പിച്ചു. ഹജ്ജ് തീർഥാടനത്തിനും മസ്ജിദുൽ ഹറാമിൽ ആരാധന നടത്താനും കഅ്ബാലയം പരിപാലിക്കാനും ഏറ്റവും അർഹതയും അവകാശമുള്ള ഏകദൈവ വിശ്വാസികളായ തങ്ങൾ അങ്ങോട്ട് പ്രവേശനം നിരോധിക്കപ്പെട്ടവരായിത്തീർന്നത് അവർക്ക് തികച്ചും ദുസ്സഹമായിരുന്നു. പീഡനത്തിന്റെയും പരിത്യക്തതയുടേതുമായ ഈ അവസ്ഥക്ക് എപ്പോഴാണൊരു അറുതിയുണ്ടാവുക? തങ്ങളെ തുണക്കാനും സഹായിക്കാനും ലോകത്താരുമില്ലല്ലോ. എന്തുകൊണ്ടാണ് അല്ലാഹു തങ്ങളെ ഈ വിധം നിസ്സഹായരായി ശത്രുക്കളുടെ അതിക്രമങ്ങൾക്ക് വിട്ടുകൊടുത്തിരിക്കുന്നത്. കഴിവിൻ പടി സ്വയം പ്രതിരോധിക്കാനുള്ള അനുവാദമെങ്കിലും അവൻ വിശ്വാസികൾക്ക് നൽകേണ്ടതല്ലേ. ഈ വിധമായിരുന്നു മുസ്‌ലിംകളുടെ വിചാരഗതി.

ഈ സാഹചര്യത്തിലാണ് പ്രകൃത സൂക്തം അവതരിക്കുന്നത്. താൽപര്യമിതാണ്: അല്ലാഹു നിങ്ങളെ ഒറ്റപ്പെടുത്തി ശത്രുക്കൾക്ക് വിട്ടു കൊടുത്തിരിക്കുകയല്ല. അവൻ നിങ്ങളോടൊപ്പമുണ്ട്. നിങ്ങളെ ശത്രുക്കളിൽ നിന്ന് പ്രതിരോധി

**Matrimonial**

മുസ്‌ലിം യുവതി (23/150cm). BAMS (House Surgency). കോഴിക്കോട് ജില്ല. വിദ്യാഭ്യാസമുള്ള ദീനീ യുവാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു. ഗവ. ജോലിയുള്ളവർക്ക് മുൻഗണന.

**9846411383**

ജി.ഐ.ഒ പ്രവർത്തക (23/153cm). MSc. BEd. Set. തുടർ പഠനം. തിരുവനന്തപുരം. ലളിതമായ ജീവിത ശൈലി ആഗ്രഹിക്കുന്ന, നാട്ടിൽ ജോലിയുള്ള പ്രസ്ഥാന പ്രവർത്തകർ ബന്ധപ്പെടുക. ജില്ല പ്രശ്നമല്ല.

**7293649331**

ച്ചുകൊണ്ടിരിക്കുന്നുമുണ്ട്. അത് നിങ്ങൾക്ക് അനുഭവപ്പെടുന്നില്ലെന്നേയുള്ളൂ. ഇനിയും അവൻ നിങ്ങൾക്കു വേണ്ടി പ്രതിരോധിച്ചുകൊണ്ടിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹങ്ങളോട് കൃതഘ്നരാവുകയും അവൻ ഏൽപിച്ച ഉത്തരവാദിത്തങ്ങളെ വഞ്ചിക്കുകയും ചെയ്യുന്ന ആരെയും അല്ലാഹു സ്നേഹിക്കുന്നില്ല. അത്തരക്കാരുടെ ദ്രോഹങ്ങളെ ഇനിയവൻ പ്രതിരോധിക്കുന്നത് നിങ്ങളിലൂടെ തന്നെയായിരിക്കും. خَوَّانٍ كَفُورٍ-നെയാണ് കൃതഘ്നരും വഞ്ചകരും എന്നു തർജമ ചെയ്തിരിക്കുന്നത്. ഇസ്‌ലാമിനെ നിഷേധിക്കുകയും മുസ്‌ലിംകളെ ദ്രോഹിക്കുകയും ചെയ്യുന്ന അവിശ്വാസികൾ ഒരുവശത്ത്, അല്ലാഹു അവർക്കരുളിയ അനുഗ്രഹങ്ങളോടെല്ലാം നന്ദികേട് കാണിക്കുന്നവരാണ്. മറുവശത്ത് അവൻ അർപ്പിച്ച ഉത്തരവാദിത്തങ്ങളെ വഞ്ചിക്കുന്നവരുമാണ്. ഇവിടെ ഉദ്ദേശിക്കുന്ന ഉത്തരവാദിത്തം സൂറഃ *അൽഅഹ്സാബ്* 72-ാം സൂക്തത്തിൽ മനുഷ്യൻ അല്ലാഹുവിങ്കൽ നിന്ന് ഏറ്റെടുത്തതും, സൂറഃ *അൽഅഅ്റാഫ്* 172-ാം സൂക്തത്തിൽ മനുഷ്യവംശം അതിന്റെ ആദിബീജാവസ്ഥയിൽ സമ്മതിച്ചു പ്രതിജ്ഞ ചെയ്തിട്ടുള്ളതുമായി പറയുന്ന ഉത്തരവാദിത്തമാണ്. സ്വയം ഏറ്റെടുക്കുകയും നിർവഹിച്ചുകൊള്ളാമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്ത ഉത്തരവാദിത്തത്തിന്റെ ലംഘനം കൊടിയ വഞ്ചനയാണല്ലോ. خِوان (വഞ്ചകൻ)ൽ നിന്നുള്ളതാണ് خوانة. കൊടിയ വഞ്ചകൻ എന്ന അർഥത്തിലാണിത് ഉപയോഗിക്കുന്നത്. كافر (നന്ദിയില്ലാത്തവൻ) കൊടിയ കൃതഘ്നനാകുമ്പോൾ كفور ആകുന്നു.

അടുത്ത സൂക്തം വിശ്വാസികൾക്ക് യുദ്ധം ചെയ്യാൻ അനുമതി നൽകുന്നുണ്ട്. അതിന്റെ മുഖവുരയായിട്ടാണ് ഈ സൂക്തം ഗണിക്കപ്പെടുന്നത്. തടയലും അകറ്റലുമാണ് دفع. എതിർശക്തിയുടെ മുന്നേറ്റം തടയുന്നതിനും അക്രമം ചെറുക്കുന്നതിനും دفاع എന്നു പയോഗിക്കുന്നു. വഞ്ചകന്മാരുടെയും കൃതഘ്നരുടെയും വിക്രിയകൾ കണ്ട് അല്ലാഹു തങ്ങളെക്കാളേറെ അവരെ സ്നേഹിക്കുന്നതുകൊണ്ടാണ് അവർക്കതിനു കഴിയുന്നതെന്ന് ധരിക്കേണ്ട, അവൻ അത്തരക്കാരെ ശക്തിയായും ബലം പ്രയോഗിച്ചുംതന്നെ പ്രതിരോധിക്കുന്നു എന്ന് ധ്വനിപ്പിക്കുകയാണ് ഇവിടെ يُدافع എന്ന വാക്ക്. ■


# കൊച്ചി കാണാനെത്തുന്നവർ മട്ടാഞ്ചേരിയും കാണണം

അറബിക്കടലിന്റെ റാണിയെന്നു വിളിക്കപ്പെടുന്ന കൊച്ചി നഗരത്തിന്റെ ആഡംബരത്തിൽ നിന്നും പകിട്ടിൽ നിന്നും അൽപം മാറി സ്ഥിതി ചെയ്യുന്ന, മുസ്‌ലിംകൾ തിങ്ങിത്താമസിക്കുന്ന പ്രദേശമാണ് മട്ടാഞ്ചേരി. മുസ്‌ലിംകളുടെ ആധിക്യം കണ്ട് ബ്രിട്ടീഷുകാർ മേത്തൻചേരി എന്നു വിളിച്ചുവെന്ന് ചരിത്രം. അവഗണനയുടെ കയ്പും ദാരിദ്ര്യത്തിന്റെ ദുരിതവും പേറിയ പശ്ചിമ കൊച്ചിയിലെ പ്രധാന കേന്ദ്രം. ഉപജീവന മാർഗങ്ങൾ ഓരോന്നോരോന്നായി നഷ്ടപ്പെടുന്നു. ആയിരങ്ങൾക്ക് തല ചായ്ക്കാൻ സ്വന്തമായി കൂരകളില്ല. ഒറ്റമുറികളിലുറങ്ങുന്ന എട്ടും പത്തും അംഗങ്ങളുള്ള കുടുംബങ്ങൾ. പതിനൊന്ന് മാസം കഴിയുമ്പോൾ ഉള്ളതെല്ലാം കെട്ടിപ്പെറുക്കി മറ്റൊരു വീട്ടിലേക്ക് പലായനം ചെയ്യേണ്ടിവരുന്നു.

മട്ടാഞ്ചേരിയിലെ പുതുതലമുറ ദീനിനോട് ആഭിമുഖ്യം പുലർത്തുന്നു. പള്ളികൾ ഏറക്കുറെ നിറഞ്ഞു കവിയുന്നു. മുസ്‌ലിം സംഘടനകളുടെ നേതൃത്വത്തിൽ ദീനീ പ്രവർത്തനങ്ങൾ സജീവം. 1990-കൾക്ക് ശേഷം വർഗീയാഗ്നിയിൽ നിന്നും ഈ പ്രദേശം മുക്തം.

1970-കൾ മുതൽ കൊച്ചിയിൽ മത സാമൂഹിക വിദ്യാഭ്യാസ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സ്ഥാപനമാണ് ദഅ്‌വത്തുൽ ഇസ്‌ലാം ട്രസ്റ്റ്. ട്രസ്റ്റിന്റെ നേതൃത്വത്തിലുള്ള മസ്ജിദുൽ ഹുദയും അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യയും ദീനീ പ്രവർത്തനങ്ങളുടെ ചാലകശക്തിയാണ്. റമദാൻ ഭക്ഷണ കിറ്റ്, ഉദുഹിയ്യത്ത്, സകാത്ത് സംഭരണ, വിതരണം എന്നിവയുടെ കേന്ദ്രമാണ് പള്ളി. സ്ത്രീശാക്തീകരണം ലക്ഷ്യം വെച്ച് 2010-ൽ ആരംഭിച്ച 'പരസ്പര സ്ത്രീ സഹായ സംഘ'ത്തിൽ ഇപ്പോൾ 400-ഓളം അംഗങ്ങളുണ്ട്. അവർക്ക് ഇതുവരെ ഇരുപത് ലക്ഷം രൂപയുടെ പലിശരഹിത വായ്പ വിതരണം ചെയ്തു. കൂടാതെ 'സോഷ്യൽ ജസ്റ്റിസ് വാച്ച്' എന്ന നിയമവേദിയുമായി സഹകരിച്ച് സ്ത്രീകൾക്കായി നിയമബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. അൽ മദ്റസത്തുൽ ഇസ്‌ലാമിയയിൽ നിർധന കുടുംബങ്ങളിൽ പെട്ട ഇരുനൂറോളം കുട്ടികൾ പഠിക്കുന്നു. നിർധന വിദ്യാർഥികൾക്ക് ഉന്നത പഠനത്തിനാവശ്യമായ സ്കോളർഷിപ്പുകൾ സംഘടിപ്പിച്ചു നൽകുന്നു. മസ്ജിദുൽ ഹുദാ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സകാത്ത് കമ്മിറ്റി വഴി നാലു ലക്ഷത്തിലധികം രൂപയുടെ സഹായങ്ങൾ വിവിധ ആവശ്യങ്ങൾക്കായി വിതരണം ചെയ്തു. കൊച്ചിയിൽ സേവനനിരതരായ സൺറൈസ് പ്രവർത്തനങ്ങളുടെ ഓഫീസ് പ്രവർത്തിക്കുന്നത് ദഅ്‌വത്തുൽ ഇസ്‌ലാം ട്രസ്റ്റിലാണ്. രണ്ട് കാര്യങ്ങളാണ് ഞങ്ങൾക്ക് അഭ്യർഥിക്കാനുള്ളത്.

- ■ **നിങ്ങൾ കൊച്ചി സന്ദർശിക്കുന്നുവെങ്കിൽ മട്ടാഞ്ചേരിയും സന്ദർശിക്കണം.**
- ■ **നിങ്ങളുടെ സകാത്ത്-സ്വദഖകളിൽ നിന്നൊരു വിഹിതം ഈ പ്രദേശത്തിന് നീക്കി വെക്കണം.**

കഴിഞ്ഞ വർഷങ്ങളിൽ സഹായ സഹകരണങ്ങൾ നൽകിയ എല്ലാ ഉദാരമതികൾക്കും പടച്ചതമ്പുരാൻ അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

| അഡ്വൈസർ | ആക്ടിംഗ് ചെയർമാൻ | സെക്രട്ടറി |
|---|---|---|
| **കെ.എ ഫൈസൽ കൊച്ചി** | **ഒ.എ.എം ജമാൽ** | **കെ.എ അഷറഫ്** |
| **0097430799510** | **9746393424** | **9947745452** |
| faisal.kochi@gmail.com | | |

**Da'wathul Islam Trust, Thuruthy, Kochi- 1**
**A/c No: 0706101037581, Canara Bank, Fort Kochi**
Email: ditfortkochi@gmail.com
IFSC Code: CNRB0000706